**തീരദേശ ജലകൃഷി അധികാര നിയമം (ഭേദഗതി) ബിൽ, 2022**

**ആമുഖം: -**

പ്രകൃതിസൗഹൃദ സുസ്ഥിര ഉൽപാദനം കൈവരിക്കുന്നതിനായി രാജ്യത്തെ ജലകൃഷിയുടെ വികസനവും പ്രവർത്തനങ്ങളും ശാസ്ത്രീയ തത്വങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. രാജ്യത്തെ തീരപ്രദേശങ്ങളിലെ ജലകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഒരു തീരദേശ ജലകൃഷി അതോറിറ്റി (സിഎഎ) സ്ഥാപിക്കുന്നതിന് പാർലമെന്ററിൽ നിയമനിർമാണം നടത്തി രൂപീകൃതമായ നിയമമാണ് തീരദേശ ജലകൃഷി അധികാര നിയമം, 2005. പ്രാബല്യത്തിൽ വന്നതിന് ശേഷമുള്ള കഴിഞ്ഞ പതിനേഴു വർഷങ്ങളിൽ, പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ ശ്രദ്ധ നൽകുകയും രാജ്യത്ത് തീരദേശ മത്സ്യകൃഷിയുടെ നിയന്ത്രിത വളർച്ചയും വികാസവും പ്രാപ്തമാക്കുകയും ചെയ്യുന്നതിൽ ഈ നിയമം വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇത് ദശലക്ഷക്കണക്കിന് തൊഴിൽ സൃഷ്ടിപ്പ്, സ്വയം തൊഴിലവസരങ്ങൾ ജലകർഷകരുടെ വരുമാന വർധനവ്, ഊർജ്ജസ്വലമായ ജലകൃഷിസഹായക വ്യവസായത്തിന്റെ വികസനമുൾപ്പെടെയുള്ള ബിസിനസ് സംരംഭകത്വത്തിന്റെ വളർച്ച എന്നിവ സാധ്യമാക്കിയിട്ടുണ്ട്. ഇന്ത്യ ഇന്ന് ആയിരക്കണക്കിന് കോടി രൂപയോളം വരുന്ന ഓരുജലകൃഷി ഉൽപന്നങ്ങളുടെ ഉൽപ്പാദകരിലും കയറ്റുമതിയിലും മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളിലൊന്നാണ്.

ഒരു നല്ല നിയമനിർമ്മാണം പുരോഗമനപരവും കാലക്രമേണ വികസിച്ചു വരുന്നതും അതാതു കാലത്തെ ഗുണഭോക്താക്കളുടെ വികസന അഭിലാഷങ്ങൾ നിറവേറ്റുകയും ചെയ്യുന്നതാവണം. തീരദേശ ജലകൃഷി അധികാര നിയമം, 2005 നടപ്പാക്കുന്നതിലൂടെ നേടിയ അനുഭവത്തിൻറെ അടിസ്ഥാനത്തിൽ, നടപടിക്രമങ്ങൾ ലളിതമാക്കാനും ജലകൃഷി പ്രവർത്തനങ്ങളുടെ രജിസ്ട്രേഷൻ വേഗത്തിലാക്കാനും നിയമത്തിന് കീഴിലുള്ള നിയന്ത്രണവും മറ്റും ലഘൂകരിക്കണമെന്നുമുള്ള ആവശ്യം കഴിഞ്ഞ കുറേ വർഷങ്ങളായി വിവിധ ഗുണഭോക്താക്കളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

തദവസരത്തിൽ, തീരദേശകൃഷിമേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനു വേണ്ടി, 2005 ലെ തീരദേശ ജലകൃഷി അധികാരനിയമം മൂലം ഗുണഭോക്താക്കൾ അനുഭവിക്കുന്ന നിയന്ത്രണ ഭാരങ്ങൾ ലഘൂകരിക്കുക, നിയന്ത്രണ വ്യവസ്ഥകൾ, നിയമലംഘനങ്ങൾ, പിഴയൊടുക്കൽ, സാധ്യമാകുന്നിടത്തു നിയമലംഘനങ്ങളെ കുറ്റകൃത്യം എന്ന ഗണത്തിൽ നിന്നൊഴിവാക്കൽ, തീരദേശ ജലകൃഷിയുമായി ബന്ധപ്പെട്ട വ്യാഖ്യാനങ്ങളിലെ പരിമിതികൾ ഇല്ലാതാക്കൽ, വ്യവസായ സംരംഭങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി പ്രവർത്തനം സുഗമമാക്കൽ, നിയമവ്യവസ്ഥ കാര്യക്ഷമമായി നടപ്പാക്കുന്നതിനു വേണ്ട പ്രക്രിയകൾ നിജപ്പെടുത്തൽ തുടങ്ങി തീരദേശ ജലകൃഷി അധികാര നിയമം മൂലം ഗുണഭോക്താക്കൾ അനുഭവിക്കുന്ന നിയന്ത്രണ ഭാരങ്ങൾ ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുതാല്പര്യാർത്ഥം പ്രസ്തുത നിയമത്തിൽ കാലോചിതമായ ഭേദഗതികൾ നിർദേശിക്കുന്നത് തികച്ചും പ്രയോചനകരവും സന്ദർഭോചിതവുമാണ്.

ഇതനുസരിച്ച് ഭേദഗതികൾ വരുത്തിയ 2005ലെ തീരദേശ ജലകൃഷി അധികാര നിയമത്തിന്റെ കരട് തയ്യാറാക്കുകയും ഗുണഭോക്താക്കളുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ട് തീരദേശ ജലകൃഷി അതോറിറ്റി നിയമം (ഭേദഗതി) ബിൽ, 2022 എന്ന പേരിൽ പൊതുജനസമക്ഷം വെക്കുകയും ചെയ്യുന്നു. (ഫിഷറീസ് വകുപ്പ്, ഇന്ത്യാ ഗവൺമെന്റ്, തീരദേശ ജലകൃഷി അതോറിറ്റി (സിഎഎ) എന്നിവയുടെ വെബ് സൈറ്റുകളിൽ ലഭ്യമാണ്)

## നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന ഭേദഗതികളുടെ സാരം

### നിർവചനങ്ങളുടെ സമഗ്രമായ ഉൾപ്പെടുത്തലും 'ഫാം'' അല്ലെങ്കിൽ ''ഫാമുകൾ' എന്ന പദത്തിന് പകരം 'പ്രവർത്തനം അല്ലെങ്കിൽ പ്രവർത്തനങ്ങൾ' എന്നിവ ഉൾപ്പെടുത്താനുമുള്ള നിർദ്ദേശം

തീരദേശ ജലകൃഷിയിടം ('ഫാം') എന്നതിലുപരി തീരദേശ ജലകൃഷിയുമായി ബന്ധപ്പെട്ട സമഗ്രപ്രവർത്തനങ്ങളെയും സുസ്ഥിരവികസനം ലക്ഷ്യമാക്കി ഉൾപ്പെടുത്തുന്ന വിധത്തിൽ നിലവിലെ തീരദേശ ജലകൃഷി അധികാര നിയമത്തിൻറെ (2005) വ്യാപ്തി വിപുലമാക്കാൻ ഉദ്ദേശിക്കുന്നു. അതിനാൽ 'ഫാം അല്ലെങ്കിൽ ഫാമുകൾ' എന്ന പദത്തിന് പകരം 'പ്രവർത്തനം അല്ലെങ്കിൽ പ്രവർത്തനങ്ങൾ' എന്ന പദം ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു. കൂടാതെ, വർത്തമാനകാല ആവശ്യങ്ങൾക്ക് അനുസൃതമായി ചില നിർവചനങ്ങൾ ഉൾകൊള്ളിക്കാനും ഈ ഭേദഗതി നിർദ്ദേശിക്കുന്നു.

### ഉപകാര്യാലയങ്ങൾ (കീഴ് ഓഫീസുകൾ) സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ

തീരദേശ ജലകൃഷി പ്രവർത്തനങ്ങൾ ശാസ്ത്രീയ ബോധത്തോടെയും വിവേക ബുദ്ധിയോടെയും കൈകാര്യം ചെയ്യില്ലെങ്കിൽ അവ സുസ്ഥിര വികസനത്തെ പ്രതികൂലമായി ബാധിക്കുകയും തീരദേശങ്ങളിൽ പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങൾ ഉടലെടുക്കാൻ കാരണമാവുകയും ചെയ്യും.

അതിനാൽ, ദ്വീപുകൾ ഉൾപ്പെടെ രാജ്യത്തെ മുഴുവൻ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും തീരദേശ അക്വാകൾച്ചർ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ഒരു വലിയ ഉത്തരവാദിത്തമാണ് സിഎഎ ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ സിഎഎ സ്ഥാപിക്കുന്ന ഘട്ടത്തിൽ തീരദേശ ജലകൃഷിയുടെ ത്വരിതഗതിയിലുള്ള വികാസവും മുന്നേറ്റവും ബന്ധപ്പെട്ട ശക്തമായ സ്ഥാപനങ്ങളുടെ ആവശ്യകതയും മുൻകൂട്ടി കണ്ടിരുന്നില്ല.

തീരദേശ ജലകൃഷി പ്രവർത്തനങ്ങളുടെ മാറിയ സാഹചര്യം കണക്കിലെടുത്ത് തീരദേശ ജലകൃഷി പ്രവർത്തനങ്ങളുടെ ക്രമീകരണവും മേൽനോട്ടവും ശക്തമാക്കുന്നതിനും പരിസ്ഥിതി സംരക്ഷണവും ഉത്പാദന സുസ്ഥിരതയും ഉറപ്പാക്കുന്നതിനും തീരദേശ ജലകൃഷി അതോറിറ്റി ഉത്തരവാദപൂർണ്ണമായ സമീപനം കൈക്കൊള്ളേണ്ടതുണ്ട്. ഇത് പ്രകാരം തീരദേശ അതോറിറ്റിയെ ശാക്തീകരിക്കുന്നതിനായി, പൊതുജന താൽപര്യാർത്ഥം, വിവിധ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, അധികാരവികേന്ദ്രീകരണവും രാജ്യത്തെ തീരദേശ ജലകൃഷി പ്രവർത്തനങ്ങളുടെ ക്രമീകരണവും ലക്ഷ്യം വെച്ച് കൊണ്ടുള്ള പ്രാദേശിക കാര്യാലയങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇപ്രകാരം അതോറിറ്റിക്ക് 'ഉപകാര്യാലയങ്ങൾ' സ്ഥാപിക്കുന്നതിനുള്ള വകുപ്പ് ഉൾപ്പെടുത്തിക്കൊണ്ട് തീരദേശ ജലകൃഷി അധികാര നിയമത്തിലെ സെക്ഷൻ 4(2) ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

### സ്ഥിര ചെയർപേഴ്സൻറെ അഭാവത്തിൽ അതോറിറ്റിയുടെ യോഗങ്ങളുടെ നിയമസാധുത

അതോറിറ്റി ചെയർപേഴ്സൻറെ അഭാവം ജലകൃഷി പ്രവർത്തനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾക്ക് തടസ്സമുണ്ടാക്കാൻ സാധ്യതയുണ്ട്. ചെയർപേഴ്സൻറെ അഭാവത്തിലോ ചെയർപേഴ്സൺ സ്ഥാനം ഒഴിഞ്ഞുകിടക്കുമ്പോഴോ നടത്തപെടുന്ന അതോറിറ്റിയുടെ യോഗങ്ങളെ സംബന്ധിച്ച നിയമത്തിലെ അവ്യക്തത നീക്കുന്നതിന്, വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. അതോറിറ്റിയുടെ യോഗത്തിൽ അധ്യക്ഷനായി മറ്റേതെങ്കിലും അംഗത്തെ നാമനിർദ്ദേശം ചെയ്യാൻ ചെയർപേഴ്സനെയൊ, ഒരു അംഗത്തെ യോഗത്തിൻറെ അധ്യക്ഷനായി തിരഞ്ഞെടുക്കുന്നതിന് മറ്റ് അംഗങ്ങളെയൊ പ്രാപ്തമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതിയിൽ നിർദ്ദേശിക്കുന്നു.

**ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് കമ്മിറ്റികളെ നിയമിക്കാൻ അതോറിറ്റിക്ക് അധികാരം നൽകുന്ന വ്യവസ്ഥ**

നിയമത്തിന് കീഴിലുള്ള ചുമതലകളുടെ കാര്യക്ഷമമായ നിർവഹണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും കമ്മിറ്റികളെ നിയമിക്കാൻ അതോറിറ്റിക്ക് വ്യക്തമായ അധികാരം നൽകുന്നതിനായി നിയമത്തിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. ജലകൃഷി പ്രവർത്തനങ്ങളുടെ നിരീക്ഷണവും മേൽനോട്ടവും ഉൾപ്പെടെ അവയുടെ രജിസ്ട്രേഷനുകളും വേഗത്തിൽ തീർപ്പാക്കുന്നതിന് ഇത് സഹായിക്കും. കൂടാതെ, അതോറിറ്റിക്ക് ഈ കമ്മിറ്റികളിൽ നിന്ന് വിദഗ്ധോപദേശം തേടാനും പ്രയോജനപ്പെടുത്താനും സാധിക്കും

**മെംബർ സെക്രട്ടറിയെ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാക്കാനുള്ള ഭേദഗതി**

നിലവിലെ നിയമപ്രകാരം സിഎഎയുടെ മെംബർ സെക്രട്ടറിയുടെ കടമകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചിട്ടില്ല. അതിനാൽ, മെംബർ സെക്രട്ടറിയുടെ ഉത്തരവാദിത്തങ്ങളും കടമകളും കൃത്യമായി നിർവ്വചിച്ച് മെംബർ സെക്രട്ടറിയെ നിയമത്തിന് കീഴിലുള്ള വ്യക്തമായ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് ഉചിതമായി അധികാരങ്ങൾ നൽകാനും ഭേദഗതി ആവശ്യമാണ്. നിയമസംവിധാനങ്ങളുടെ നിയന്ത്രണവും ഏകോപനവും കാര്യക്ഷമമായും മികച്ച രീതിയിലും നടപ്പാക്കുന്നതിന് മെംബർ സെക്രട്ടറി അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പ്രവർത്തിക്കേണ്ടതും പ്രസ്തുത വ്യക്തി ഇന്ത്യാ ഗവൺമെന്റിന്റെ ജോയിന്റ് സെക്രട്ടറി പദവിക്ക് താഴെയല്ലാത്ത റാങ്കിൽ ആയിരിക്കണമെന്നും ഭേദഗതി നിഷ്കർഷിക്കുന്നു.

**അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ സമഗ്രമായ വിപുലീകരണം**

നിയമത്തിന്റെ നാലാം അധ്യായത്തിലെ വകുപ്പുകൾ പ്രകാരം തീരദേശ ജലകൃഷി പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാക്കുന്നതിനും, തീരദേശ ജലകൃഷി സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും തീരദേശ ജലകൃഷി ഫാമുകളും ഹാച്ചറികളും രജിസ്റ്റർ ചെയ്യുന്നതിനും മലിനീകരണം ഉണ്ടാക്കുന്ന അക്വാകൾച്ചർ സ്ഥാപനങ്ങൾ നീക്കം ചെയ്യുന്നതിനോ പൊളിക്കുന്നതിനോ ഉത്തരവിടാനുമുള്ള അധികാരവും നിർവഹണച്ചുമതലയും തീരദേശ ജലകൃഷി അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമത്തിന്റെ കാലാനുസൃതമായ വ്യാപ്തിക്കും പ്രയോഗത്തിനും അനുസൃതമായി, തീരദേശ ജലകൃഷിയുടെ മറ്റ് സംരംഭങ്ങളായ ഹാച്ചറി, ന്യൂക്ലിയസ് ബ്രീഡിംഗ് സെന്ററുകൾ (NBC), ബ്രൂഡ് സ്റ്റോക്ക് മൾട്ടിപ്ലിക്കേഷൻ സെന്ററുകൾ (BMC), അക്വാകൾച്ചർ ഇൻപുട്ടുകൾ എന്നിവ കൂടി ഉൾപ്പെടുത്തുന്ന വിധത്തിൽ നിയമപരിധി വിപുലീകരിക്കാനും ഭേദഗതി നിർദ്ദേശിക്കുന്നു.

**സിഎഎ യുടെ രജിസ്ട്രേഷൻ/സർട്ടിഫിക്കറ്റ് സാധുതയുടെ കാലാവധിയിലെ അയവ്**

രജിസ്ട്രേഷന്റെ കാലാവധി നിലവിൽ 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്നത് പുനഃപരിശോധിക്കണമെന്ന് ഗുണഭോക്താക്കൾ ആവശ്യമുന്നയിച്ചു കൊണ്ടിരിക്കുകയാണ്. ചില ഗുണഭോക്താക്കൾ രജിസ്ട്രേഷൻ കാലാവധി ഉയർത്തുകയോ ഒറ്റത്തവണയായി നിജപ്പെടുത്തുകയോ വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ, മറ്റ് ചില കോണുകളിൽ നിന്നും രജിസ്ടേഷന്റെ കാലാവധി സർക്കാരിന്റെ പാട്ടക്കാലാവധിക്കനുസൃതമായി കുറയ്ക്കണമെന്നും ആവശ്യമുണ്ട്. തദനുസൃതമായി, നിലവിലെ നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ കർശനമായ 5 വർഷത്തെ കാലയളവിനുപകരം മേഖലാ ആവശ്യങ്ങളും നിലവിലുള്ള സാഹചര്യങ്ങളും അടിസ്ഥാനമാക്കി ചട്ടങ്ങളിലെ പുതുക്കൽ ഉൾപ്പെടെ രജിസ്ട്രേഷന്റെ കാലാവധി നിശ്ചയിക്കുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്തുന്നതിന് അനുയോജ്യമായ മാറ്റങ്ങൾ ഭേദഗതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

**'നോ ഡെവലപ്മെന്റ് സോൺ' പരിധിയിൽ നിന്നും ഹാച്ചറികൾ, ബിഎംസികൾ, എൻബിസികൾ, കൂട്ടുകൃഷി തുടങ്ങിയവയെ ഒഴിവാക്കൽ**

2005 ലെ തീരദേശ ജലകൃഷി അധികാര നിയമത്തിലെ വകുപ്പ് 13 (8) പ്രകാരം ഉയർന്ന വേലിയേറ്റ രേഖ (HTL) യിൽ നിന്നും 200 മീറ്ററിനുള്ളിൽ ഭൂമിയോട് ചേർന്ന് നിൽക്കുന്ന 'നോ ഡെവലപ്മെന്റ് സോണി'ലും തീരദേശ നിയന്ത്രണ മേഖലയിലുൾപ്പെടുന്ന (CRZ) അരുവികൾ, നദികൾ, കായലുകൾ

എന്നിവയിലും തീരദേശ ജലകൃഷിക്ക് നിരോധനമുണ്ട്. തീരദേശ ഹാച്ചറി പ്രവർത്തനം ഗവൺമെന്റ് CRZ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തതുമുതൽ അതിൻറെ വിലക്കിൽ നിന്ന് ഒഴിവാക്കപ്പെട്ടതാണെന്നത് ് എടുത്തുപറയേണ്ടതാണ്. എന്നിരുന്നാലും ഫാമുകൾ 'നോ ഡെവലപ്മെൻറ് സോണിൽ പ്രവർത്തിക്കുന്നത് വിലക്കുന്ന സെക്ഷൻ 13(8) ലെ വ്യവസ്ഥകൾ ഹാച്ചറികൾക്കും ബാധകമാണെന്ന് തെറ്റിദ്ധാരണയുണ്ട്. കൂടാതെ, ഒരു പ്രധാന ഗ്രാമീണ സാമ്പത്തിക സ്രോതസ്സായി കണക്കാക്കുന്ന കടൽപായൽ കൃഷി, കൂട്കൃഷി എന്നിവ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നു. അതിനാൽ ഇത്തരം പ്രവർത്തനങ്ങളെ തീരദേശ ജലകൃഷി അധികാര നിയമത്തിലെ സെക്ഷൻ 13(8)ൽ നിന്ന് ഒഴിവാക്കാൻ ഭേദഗതി നിർദ്ദേശിക്കുന്നു.

**തീരദേശ ജലകൃഷിയിൽ CRZ വിജ്ഞാപനത്തിന്റെ പ്രയോഗക്ഷമതയെക്കുറിച്ച് വ്യക്തത വരുത്തുന്ന വിഭാഗത്തിലെ ഭേദഗതി**

തീരദേശ ജലകൃഷി അതോറിറ്റി ആക്റ്റ്, 2005 ലെ സെക്ഷൻ 27 പ്രകാരം, തീരദേശ മേഖലകളെ തീരദേശ നിയന്ത്രണ മേഖലയായി (CRZ) പ്രഖ്യാപിക്കുകയും CRZ-ലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്നതിനായി പരിസ്ഥിതി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 3(1), സെക്ഷൻ 3(2)(v), പരിസ്ഥിതി (സംരക്ഷണം) റൂൾ, 1986-ലെ റൂൾ 5(3)(ഡി) എന്നിവ പ്രകാരം പുറപ്പെടുവിച്ച CRZ വിജ്ഞാപനത്തിന്റെ പരിധിയിൽ തീരദേശ ജലകൃഷി ഉൾപ്പെടുന്നില്ല. തീരദേശ ജലകൃഷിപ്രവർത്തനങ്ങളെ തീരദേശ പരിപാലന വിജ്ഞാപനമനുസരിച്ചുള്ള നിരോധിത പ്രവർത്തനമായി കണക്കാക്കാൻ കഴിയില്ല എന്ന ഉദ്ദേശലക്ഷ്യങ്ങളോടു കൂടിയാണ് സർക്കാർ 2005 ലെ തീരദേശ ജലകൃഷി അതോറിറ്റി നിയമം നടപ്പിലാക്കിയത്. ഈ മേഖലയിലെ തൊഴിൽ സംരക്ഷണം, നിക്ഷേപ സംരക്ഷണം, ജലകൃഷി പ്രവർത്തനങ്ങളുടെ ഭാവി എന്നിവ കണക്കിലെടുത്തും അവ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുമായി ഇണങ്ങിക്കൊണ്ടുള്ളതാണെന്ന കാഴ്ചപ്പാടിലുമാണ് സർക്കാർ ഇത്തരമൊരു വീക്ഷണം കൈക്കൊള്ളുന്നത്. ഈ ഉദ്ദേശലക്ഷ്യങ്ങളെ മുൻനിർത്തിയും സംശയനിവാരണത്തിനു വേണ്ടിയും തീരദേശ പരിപാലന വിജ്ഞാപനത്തിൽ വ്യാഖ്യാനിക്കുന്ന തരത്തിലുള്ള നിരോധിത പ്രവർത്തനമല്ല ജലകൃഷി എന്ന് വ്യക്തമാക്കുന്ന രീതിയിൽ തീരദേശ പരിപാലന നിയമം ഭേദഗതി ചെയ്യാൻ തീരുമാനിക്കപ്പെട്ടു. എന്നാൽ തീരദേശ ജലകൃഷി അധികാര നിയമത്തിൻറെ വകുപ്പ് 27 ലെ അവ്യക്തത മൂലം സർക്കാരിന്റെ ഉദ്ദേശ്യം തെറ്റിദ്ധരിക്കപ്പെട്ടതായി കാണുന്നു. കൂടാതെ തീരദേശ പരിപാലന നിയമം തീരദേശ ജലകൃഷി പ്രവർത്തനങ്ങൾക്ക് മേൽ നടപ്പാക്കുന്നത് ഇരട്ട നിയന്ത്രണങ്ങൾ നിലവിൽ വരുത്തുകയും കർഷകർക്കും സംരംഭകർക്കും ബുദ്ധിമുട്ടുകളുണ്ടാക്കുകയും ചെയ്യും. അതിനാൽ അവ്യക്തത ഒഴിവാക്കാനായി, 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വകുപ്പ് 3(1) ന്റെയും വകുപ്പ് 3 (2)(v) ന്റെയും 1986 ലെ പരിസ്ഥിതി സംരക്ഷണചട്ടങ്ങളിലെ 5 (3) (d) ന്റെയും കീഴിൽ നിലവിൽ വന്ന തീരദേശ പരിപാലനനിയമ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നും തീരദേശ ജലകൃഷി പ്രവർത്തനങ്ങളെ ഒഴിവാക്കിക്കൊണ്ട് വകുപ്പ് 27 ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

**പുതുക്കൽ അപേക്ഷ സമർപ്പണത്തിലെ കാലതാമസത്തിൽ ഇളവ് നൽകും**

വിവിധ കാരണങ്ങളാൽ തീരദേശ ജലകൃഷി പ്രവർത്തനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുവാൻ കാലതാമസം വരുന്ന സാഹചര്യത്തിൽ പിഴത്തുക വർദ്ധിപ്പിച്ച് കൊണ്ട് തുടർച്ചയുള്ളതും നിയന്ത്രിതവും പരാതി രഹിതവുമായ തീരദേശ ജലകൃഷി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു.

**കേടുപാടുകൾ അല്ലെങ്കിൽ നഷ്ടം സംഭവിച്ചാൽ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള വ്യവസ്ഥ.**

നിലവിലെ സാഹചര്യത്തിൽ കൃഷിയിടത്തിന്റെ ഉടമസ്ഥാവകാശം മാറുമ്പോഴോ, കൃഷിയിടത്തിന്റെ വ്യാപ്തിയിൽ മാറ്റം വരുത്തുമ്പോഴോ ചെയ്യേണ്ട റീരജിസ്ട്രേഷൻ വലിയ കാല താമസം ഉണ്ടാക്കുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മാറ്റങ്ങൾ വരുത്തുന്നതിനും, സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയോ, കീറിപ്പോവുകയോ, കേടുപാട് വരുകയോ ചെയ്യുമ്പോഴോ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിനും നിലവിലെ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു.

**ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തുന്നതിനും അപ്പീൽ നൽകുന്നതിനുമുള്ള വ്യവസ്ഥ**

ശിക്ഷയിൽ വന്നിരിക്കുന്ന ഭേദഗതി കണക്കിലെടുത്ത്, ഉദ്യോഗസ്ഥർക്ക് നടപ്പിൽ വരുത്താനുള്ള അധികാരവും ഒപ്പം അപ്പീൽ നൽകുന്നതിനുള്ള നിയമ വ്യവസ്ഥയും ഉൾപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ ഭേദഗതിയായി നിർദ്ദേശിക്കുന്നു.

**നിയമത്തിന്റെ കുറ്റവിമുക്തമാക്കൽ**

രജിസ്ട്രേഷൻ ഇല്ലാതെ തീരദേശ മത്സ്യകൃഷി നടത്തുന്നത് 2005 ലെ തീരദേശ ജലകൃഷി അധികാര നിയമത്തിലെ വകുപ്പ് 14 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. ഇത് പ്രകാരം കുറ്റം ചെയ്യുന്ന ആൾക്ക് മൂന്ന് വർഷം വരെ തടവ് ശിക്ഷയോ ഒരു ലക്ഷം രൂപ വരെ പിഴയോ ഇത് രണ്ടും കൂടിയോ അനുഭവിക്കേണ്ടതായി വരും. എന്നാൽ കർഷകരും ബന്ധപ്പെട്ട മറ്റ് ഗുണഭോക്താക്കളും ഈ ശിക്ഷ കഠിനമാണെന്നും അതിനാൽ പുന:പരിശോധന ആവശ്യമാണെന്നും പ്രവൃത്തിയുടെ കുറ്റകൃത്യ സ്വഭാവം ഒഴിവാക്കി ഇതരശിക്ഷാവിധികൾ നിർദേശിക്കണമെന്നും അഭിപ്രായപ്പെടുന്നു. കൂടാതെ ജലകൃഷി എന്നത് കർഷകർ നടത്തുന്ന ഒരു കാർഷിക പ്രവർത്തനമായതിനാൽ രജിസ്ട്രേഷൻ ചെയ്യാത്തത് കുറ്റകരമാക്കുന്ന നിയമ വ്യവസ്ഥ അനീതിയായി കണക്കാക്കപ്പെടുന്നു. 17 വർഷം മുമ്പ് നിലവിൽ വന്ന തീരദേശ ജലകൃഷി അധികാര നിയമത്തിലെ വകുപ്പ് 14 ഇത് വരെയും മാറ്റങ്ങൾക്ക് വിധേയമാകാത്ത സാഹചര്യത്തിൽ ഈ വകുപ്പ് പുനഃപരിശോധിക്കുകയും ഭേദഗതി വരുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. സർക്കാർ വിവിധ നിയമങ്ങൾക്ക് കീഴിലുള്ള ചെറിയ കുറ്റകൃത്യങ്ങൾ ക്രിമിനൽ കുറ്റങ്ങളിൽനിന്നും മാറ്റുവാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ തീരദേശ ജലകൃഷി അധികാര നിയമത്തിലെ സെക്ഷൻ 14 പ്രകാരമുള്ള കഠിന ശിക്ഷ ഒഴിവാക്കുവാനുള്ള നിയമ ഭേദഗതി വരുത്തുവാൻ നിർദ്ദേശിക്കുന്നു. എന്നിരുന്നാലും നിയമം ലംഘിക്കുകയും തീരദേശ പരിസ്ഥിതി സംരക്ഷണത്തിന് കോട്ടം തട്ടുന്ന പ്രവർത്തനം നടത്തുകയും ചെയ്യുന്നവർക്ക് തീരദേശ പരിസ്ഥിതി സംരക്ഷണവും മലിനീകരണ ഉത്തരവാദിത്ത തത്വവും മുൻ നിർത്തി വേണ്ടത്ര പിഴയും, തടവ് ശിക്ഷയല്ലാതെയുള്ള മറ്റ് ശിക്ഷാവിധികളും നടപ്പിലാക്കുന്നതിനും നിർദ്ദേശിക്കുന്നു. പുതിയതായി രൂപപ്പെടുത്തുന്ന ശിക്ഷാ വിധി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നിയമ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കും. പണപരമായ പിഴകൾ നിർദ്ദേശിക്കുമ്പോൾ, ഔദ്യോഗിക വിവേചനാധികാരം നീക്കം ചെയ്യുന്നതിനായി ചുമത്താവുന്ന പിഴയുടെ അളവിൽ സുതാര്യതയും വസ്തുനിഷ്ഠതയും കൊണ്ടുവന്നിട്ടുണ്ട്. ചെറുകിട കർഷകർക്ക് അമിതഭാരം ഏൽക്കാതിരിക്കാൻ പിഴയുടെ അളവ് നിർദേശിക്കുമ്പോൾ കൃത്യമായ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മാർഗനിർദേശങ്ങളിലൂടെ അതോറിറ്റിയുടെ നിയന്ത്രണ ചട്ടക്കൂടിൽ മുൻകരുതൽ തത്ത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് എടുത്തുപറയേണ്ടതാണ്. പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് ഇന്ത്യയിലെ തീരദേശ ജലകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും മനുഷ്യരാശിക്ക് വിലകുറഞ്ഞതും സുരക്ഷിതവുമായ പ്രോട്ടീന്റെ സുസ്ഥിര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഇത് വഴി സാധിക്കും.

ഒപ്പ്/
ഡോ. ജെ. ബാലാജി, ഐഎഎസ്
ജോയിൻറ് സെക്രട്ടറി
മത്സ്യ വകുപ്പ്
ഭാരത സർക്കാർ
ഇമെയിൽ: jsfy@nic.in